2026
APRIL
11
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# വേനൽ കടുത്തു; സംസ്ഥാനത്ത് ഇന്ന് ഉയർന്ന താപനില മുന്നറിയിപ്പ്

**തിരുവനന്തപുരം:** സംസ്ഥാനത്ത് വേനൽ കടുത്തതോടെ ഉയർന്ന താപനിലാ മുന്നറിയിപ്പുമായി കേന്ദ്രകാലാവസ്ഥ വകുപ്പ്. ഇന്ന് പാലക്കാട് ജില്ലയിൽ ഉയർന്ന താപനില 39 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം ജില്ലയിൽ ഉയർന്ന താപനില 38ഡിഗ്രി സെൽഷ്യസ് വരെയും തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ ജില്ലകളിൽ ഉയർന്ന താപനില 37ഡിഗ്രി സെൽഷ്യസ് വരെയും; മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 36ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. സാധാരണയെക്കാൾ 2 മുതൽ മൂന്നു വരെ ഡിഗ്രിസെൽഷ്യസ് കൂടുതലാണിത്.

ഉയർന്ന താപനിലയും ഈർപ്പമുള്ള വായുവും കാരണം ഈ ജില്ലകളിൽ, മലയോര മേഖലകളിലൊഴികെ ഇന്നും ചൂടും അസ്വസ്ഥതയുമുള്ള കാലാവസ്ഥയ്ക്ക് സാധ്യതയുണ്ടെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു.

ഉയർന്ന ചൂട് സൂര്യാഘാതം, സൂര്യതാപം, നിർജലീകരണം തുടങ്ങി നിരവധി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നും പൊതുജനങ്ങൾ പകൽ 11 മുതൽ 3 വരെയുള്ള സമയത്ത് നേരിട്ട് ശരീരത്തിൽ കൂടുതൽ സമയം തുടർച്ചയായി സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നും ആരോഗ്യവകുപ്പ് അധികൃതർ വ്യക്തമാക്കി. ദാഹമില്ലെങ്കിലും വെള്ളം കുടിക്കുന്നത് തുടരുക. പരമാവധി ശുദ്ധജലം കുടിക്കുക. നിർജലീകരണമുാക്കുന്ന മദ്യം, കാപ്പി, ചായ, കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്കുകൾ തുടങ്ങിയ പാനീയങ്ങൾ പകൽ സമയത്ത് ഒഴിവാക്കുക.



അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലതായിരിക്കും. പഴങ്ങളും പച്ചക്കറികളും ധാരാളമായി കഴിക്കുക. ഒആർഎസ് ലായനി, സംഭാരം തുടങ്ങിയവയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർഥികൾക്ക് ശുദ്ധമായ കുടിവെള്ളവും ക്ലാസ്സ് മുറികളിൽ വായു സഞ്ചാരവും ഉറപ്പാക്കേണ്ടതാണ്. പരീക്ഷാക്കാലമായാൽ പരീക്ഷാഹാളുകളിലും ജലലഭ്യത ഉറപ്പാക്കണം.വിദ്യാർഥികളുടെ കാര്യത്തിൽ സ്കൂൾ അധികൃതരും രക്ഷിതാക്കളും പ്രത്യേകശ്രദ്ധ പുലർത്തേണ്ടതാണ്. കുട്ടികൾക്ക് കൂടുതൽ വെയിലേൽക്കുന്ന അസംബ്ലികളും മറ്റ് പരിപാടികളും ഒഴിവാക്കുകയോ സമയക്രമീകരണം നടത്തുകയോ ചെയ്യേണ്ടതാണ്. കുട്ടികളെ വിനോദസഞ്ചാരത്തിന് കൊണ്ടുപോകുന്ന സ്കൂളുകൾ 11 മുതൽ 3 വരെ കുട്ടികൾക്ക് നേരിട്ട് ചൂട് ഏൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. അംഗനവാടി കുട്ടികൾക്ക് ചൂട് ഏൽക്കാത്ത തരത്തിലുള്ള സംവിധാനം നടപ്പാക്കാൻ അതാത് പഞ്ചായത്ത് അധികൃതരും അംഗനവാടി ജീവനക്കാരും പ്രത്യേകം ശ്രദ്ധിക്കണം. കിടപ്പ് രോഗികൾ, പ്രായമായവർ, ഗർഭിണികൾ, കുട്ടികൾ, ഭിന്നശേഷിക്കാർ, മറ്റ് രോഗങ്ങൾ മൂലമുള്ള അവശത അനുഭവിക്കുന്നവർ തുടങ്ങിയ വിഭാഗങ്ങൾ പകൽ 11 മണി മുതൽ 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതെയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ഇത്തരം വിഭാഗങ്ങൾക്ക് എളുപ്പത്തിൽ സൂര്യാഘാതം ഏൽക്കാനുള്ള സാധ്യതയുള്ളതിനാൽ ഇവരുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്. ഇരുചക്രവാഹനങ്ങളിൽ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്നവർ ഉച്ച സമയത്ത് സുരക്ഷിതരാണെന്ന് അതാത് സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. അവർക്കു ചൂട് ഏൽക്കാതിരിക്കാൻ ഉതകുന്ന രീതിയിലുള്ള വസ്ത്രധാരണം നടത്താൻ നിർദേശം നൽകുകയും, അതുപോലെ, ആവശ്യമെങ്കിൽ യാത്രക്കിടയിൽ അൽപ്പസമയം വിശ്രമിക്കാനുള്ള അനുവാദം നൽകുകയും ചെയ്യേണ്ടതാണ്.

# ഉയർന്ന പോളിംഗ്: എറണാകുളം ജില്ല മൂന്നാമത്

**കൊച്ചി:** സമീപ കാലത്തെ തിരഞ്ഞെടുപ്പുകളിൽ ജില്ലയിൽ ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയ തിരഞ്ഞെടുപ്പാണ് കഴിഞ്ഞുപോയത്. ആകെ 79.89% പോളിങ് ആണ് രേഖപ്പെടുത്തിയത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ പോളിങ് രേഖപ്പെടുത്തിയ ജില്ലകളിൽ മൂന്നാം സ്ഥാനത്താണ് എറണാകുളം. ജില്ലയിൽ എട്ട് മണ്ഡലങ്ങളിൽ 80 ശതമാനത്തിൽ കൂടുതൽ പോളിങ് രേഖപ്പെടുത്തി. പെരുമ്പാവൂർ – 80.4, ആലുവ – 80.78, കളമശ്ശേരി – 81.59, പറവൂർ 81.96, വൈപ്പിൻ– 80.5, കൊച്ചി – 80.33, തൃപ്പൂണിത്തുറ– 81.4, കുന്നത്തുനാട് – 84. 09. ഏറ്റവും കൂടുതൽ പോളിങ് ശതമാനം രേഖപ്പെടുത്തിയത് കുന്നത്തുനാട് ആണ് – 84.09. ഏറ്റവും കുറവ് അങ്കമാലി– 75.52 ശതമാനം.

## ജില്ലയിൽ ആകെ വോട്ട് ചെയ്തത് 20,00,247 പേർ

നിയമസഭാ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പ് പൂർത്തിയായപ്പോൾ ജില്ലയിലെ 14 മണ്ഡലങ്ങളിലായി ആകെ 20,00,247 പേർ വോട്ട് രേഖപ്പെടുത്തി. ജില്ലയിലെ ആകെ 25,03,848 വോട്ടർമാരാണ് ഉണ്ടായിരുന്നത്. കുന്നത്തുനാട് മണ്ഡലത്തിൽ 1,88,291 വോട്ടർമാരിൽ 1,58,339 പേർ വോട്ട് ചെയ്തു. പറവൂർ മണ്ഡലത്തിൽ 1,91,646 വോട്ടർമാരിൽ 1,57,083 പേരും, കളമശ്ശേരിയിൽ 1,97,712 പേരിൽ 1,61,327 പേരും, തൃപ്പൂണിത്തുറയിൽ 1,87,923 വോട്ടർമാരിൽ 1,52,982 പേരും വോട്ട് രേഖപ്പെടുത്തി. ആലുവയിൽ 1,94,360 വോട്ടർമാരിൽ 1,57,008 പേരും, വൈപ്പിനിൽ 1,61,285 വോട്ടർമാരിൽ 1,29,830 പേരും, പെരുമ്പാവൂരിൽ 1,80,299 വോട്ടർമാരിൽ 1,44,957 പേരും ബൂത്തുകളിലെത്തി വോട്ട് ചെയ്തു. കൊച്ചി മണ്ഡലത്തിൽ 1,65,675 വോട്ടർമാരിൽ 1,33,085 പേരും, കോതമംഗലത്ത് 1,71,968 പേരിൽ 1,36,371 പേരും, തൃക്കാക്കരയിൽ 1,76,387 വോട്ടർമാരിൽ 1,39,077 പേരും വോട്ട് രേഖപ്പെടുത്തി. എറണാകുളം മണ്ഡലത്തിൽ 1,36,223 വോട്ടർമാരിൽ 1,06,490 പേരും, മൂവാറ്റുപുഴയിൽ 1,86,254 വോട്ടർമാരിൽ 1,45,484 പേരും, പിറവത്ത് 1,95,421 വോട്ടർമാരിൽ 1,49,361 പേരും ഇക്കുറി സമ്മതിദാനാവകാശം വിനിയോഗിച്ചു.

(ശേഷം പേജ് –3)




കളമശ്ശേരി കുസാറ്റിൽ സജ്ജീകരിച്ചിക്കുന്ന സ്ട്രോങ്ങ്



## ഇന്നത്തെ പരിപാടി

### കൊച്ചി

■ **പനമ്പിള്ളി നഗർ-ചൈൽഡ് കെയർ സെന്റർ :** പഠന നിർണ്ണയ-നിവാരണ ക്യാമ്പ് 6 മുതൽ 13 വയസ്സുവരെയുള്ള കുട്ടികൾക്കായി രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 ന്

■ **ജവഹർലാൽ നെഹ്റു സ്റ്റേഡിയം :** പാൻ ഏഷ്യൻ ഫുഡ് ആൻഡ് കൾച്ചറൽ ഫെസ്റ്റ് - കിംച്ചി കൾച്ചർ ഉച്ചയ്ക്ക് 12 മണി മുതൽ.

■ **പനമ്പിള്ളി നഗർ - ഹോട്ടൽ അവന്യൂ സെന്റർ :** ബിൽഡേഴ്സ് അസോസിയേഷൻ ഓഫ് ഇന്ത്യ (ബി.എ.ഐ) കൊച്ചി സെന്റർ ഭാരവാഹികളുടെ സ്ഥാനാരോഹണം വൈകിട്ട് 6.30ന്.

### എളമക്കര

■ **എളമക്കര പുന്നയ്ക്കൽ ശ്രീരാമസ്വാമി ക്ഷേത്രം :** പ്രതിഷ്ഠാദിന മഹോത്സവം - തിരുവാതിരകളി, നൃത്തനാടക വൈകിട്ട് 7 മണി മുതൽ.

### കൂത്താട്ടുകുളം

■ **പാലക്കുഴ അമ്പലംകുന്ന് എസ്എൻഡിപി ശാഖ ഗുരുദേവ ക്ഷേത്രം :** മഹോത്സവം - ഉച്ചയ്ക്ക് 1 ന് പ്രസാദ ഊട്ട്, വൈകിട്ട് 5.30ന് അരിത്താല ഘോഷയാത്ര, രാത്രി 8 ന് പൂഞ്ഞൂർ ദേവകലയുടെ ബാലെ .

### വരാപ്പുഴ

■ **സെന്റ് തോമസ് ദേവാലയം :** വിശുദ്ധ തോമാസ്ലീഹയുടെ പുതുഞ്ഞായർ തിരുനാൾ - വൈകിട്ട് 6.30 ന് വിശുദ്ധ കുർബാന.

### തിരുവൈരാണിക്കുളം

■ **കൈലാസം വെൽനസ് പാർക്ക് :** തിരുവൈരാണിക്കുളം ഫെസ്റ്റ് വൈകിട്ട് 6.30 മുതൽ രാത്രി 10 വരെ.

# സൗജന്യ സന്ധിമാറ്റിവയ്ക്കൽ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ച് ലൂർദ് ആശുപത്രി



**കൊച്ചി:** ലൂർദ് ആശുപത്രിയിൽ സൗജന്യ റോബോട്ടിക് ജോയിന്റ് റിപ്ലേസ്മെന്റ് മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ഇടുപ്പ്, തോൾ, മുട്ട് എന്നിവയുൾപ്പെടെയുള്ള സന്ധി സംബന്ധമായ പ്രശ്നങ്ങൾക്ക് വിദഗ്ധ നിർദ്ദേശങ്ങളും, ആധുനിക റോബോട്ടിക് ഓർത്തോപീഡിക് ചികിത്സയും പരിശോധനകളും സംബന്ധിച്ച ബോധവത്കരണവും ക്യാമ്പിൽ നടന്നു.

ലൂർദ് ആശുപത്രി അയ്യായിരത്തിലധികം സന്ധി (ജോയിന്റ്) മാറ്റിവെക്കൽ ശസ്ത്രക്രിയകൾ പൂർത്തിയാക്കിയതിന്റെ ഭാഗമായാണ് ക്യാമ്പ് സംഘടിപ്പിച്ചത്. ലൂർദ് ആശുപത്രി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. വിമൽ ഫ്രാൻസിസ് ഉദ്ഘാടനം നിർവഹിച്ചു. ചെലവുകുറഞ്ഞും നൂതന സാങ്കേതിക വിദ്യയോടെയും ആരോഗ്യസേവനം നൽകുന്നതിൽ ആശുപത്രി പ്രതിജ്ഞബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു.

രോഗങ്ങളെ നേരത്തേ കണ്ടെത്തിയും സമയബന്ധിതമായി ചികിത്സ നൽകുന്നതും പ്രധാനമാണെന്ന് ഓർത്തോപീഡിക്സ് വിഭാഗം മേധാവി ഡോ. ജോൺ ടി. ജോൺ പറഞ്ഞു. ശസ്ത്രക്രിയയോടുള്ള ഭയവും അവബോധക്കുറവും മൂലം രോഗികൾ ചികിത്സ വൈകിപ്പിക്കുന്ന സാഹചര്യമുണ്ട്. റോബോട്ടിക് ജോയിന്റ് റിപ്ലേസ്മെന്റ് വഴി കൂടുതൽ കൃത്യതയും വേഗത്തിലുള്ള സുഖപ്രാപ്തിയും സാധ്യമാണെന്നും അദ്ദേഹം പറഞ്ഞു.

മേയ് 31 വരെ സൗജന്യ സന്ധിമാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കായി രജിസ്ട്രേഷൻ തുടരും. ഏറ്റവും അർഹരായ 50 പേർക്ക് കുറഞ്ഞ ചിലവിൽ ശസ്ത്രക്രിയ നൽകുമെന്നും ഡോ.ജോൺ ടി. ജോൺ അറിയിച്ചു. ഓർത്തോപീഡിക്സ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ജോൺ ടി. ജോൺ, ഇന്റർവെൻഷണൽ മാനേജ്മെന്റ് വിഭാഗം മേധാവിയും സീനിയർ കൺസൾട്ടന്റുമായ ഡോ. ടിഷ ആൻ ബാബു, ഓർത്തോപീഡിക്സ് സീനിയർ കൺസൾട്ടന്റായ ഡോ. ജോയ്സ് വർഗീസ്, ഓർത്തോപീഡിക് കൺസൾട്ടന്റായ ഡോ. ഷിനാസ് ബി. സലാം എന്നിവർ മെഡിക്കൽ സെഷനുകൾക്ക് നേതൃത്വം നൽകി. ചീഫ് ഫിസിയോതെറാപ്പിസ്റ്റ് അനുപമ ജി നായർ, ഫിസിയോതെറാപ്പിസ്റ്റ് ആശിഷ് ജോസഫ്, ഡയറ്റീഷ്യൻ സ്നേഹ ഫ്രാൻസിസ്, റോക്കി വർഗീസ് എന്നിവർ അനുബന്ധ ബോധവൽക്കരണ ക്ലാസുകളും പരിശീലന സെഷനുകളും നയിച്ചു. ക്യാമ്പിന്റെ ഭാഗമായി ആർത്രൈറ്റിസ്, സ്പോർട്സ് പരിക്കുകൾ, സ്പൈൻ സംബന്ധമായ പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിശോധനയും നിർദ്ദേശങ്ങളും നൽകി. അസ്ഥികളുടെ കാഠിന്യം (ബോൺ ഡെൻസിറ്റി) പരിശോധന തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിരുന്നു. അർഹരായ രോഗികൾക്ക് ശസ്ത്രക്രിയാ ചെലവിൽ ഇളവുകൾ ഉൾപ്പെടെയുള്ള സഹായവും നൽകി. റോബോട്ടിക് ജോയിന്റ് റിപ്ലേസ്മെന്റ് സെന്ററിന്റെ സവിശേഷതകൾ ക്യാമ്പിന്റെ ഭാഗമായി പ്രദർശിപ്പിച്ചു. ആധുനിക ഇംപ്ലാന്റുകളും റോബോട്ടിക് സാങ്കേതിക വിദ്യകളും ഉൾപ്പെടുത്തിയ പ്രദർശനവും സംഘടിപ്പിച്ചു.അടുത്തിടെ വിജയകരമായ ജോയിന്റ് റിപ്ലേസ്മെന്റ് ശസ്ത്രക്രിയകൾക്ക് വിധേയരായവർ ക്യാമ്പിൽ പങ്കെടുത്ത് അവരുടെ അനുഭവങ്ങളും ചികിത്സാ രീതികളും പങ്കുവെച്ചു.

# സംസ്കൃത സർവ്വകലാശാലയിൽ നാടക പഠനത്തിൽ പി. ജി; അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ എം. എ. (തിയേറ്റർ), പ്രോഗ്രാമിന് ഇപ്പോൾ അപേക്ഷിക്കാം. സർവ്വകലാശാലയുടെ കാലടി മുഖ്യ ക്യാമ്പസിലെ കൂത്തമ്പലത്തിലാണ് പ്രോഗ്രാം നടത്തുന്നത്. നാല് സെമസ്റ്ററുകളിലായി നടത്തപ്പെടുന്ന പ്രോഗ്രാമിന്റെ ദൈർഘ്യം രണ്ട് വർഷമാണ്. പ്രവേശന പരീക്ഷയുടെയും (എഴുത്തു പരീക്ഷ), അഭിരുചി / പ്രായോഗിക പരീക്ഷ എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. ഈ സർവ്വകലാശാലയിൽ നിന്നും ബിരുദം നേടിയവർക്കോ സർവ്വകലാശാല അംഗീകരിക്കുന്ന മറ്റു സർവ്വകലാശാലകളിൽ നിന്നും ബിരുദം (10+2+3 /10+2+4 /10+2+5 പാറ്റേൺ) കരസ്ഥമാക്കിയവർക്കോ അപേക്ഷിക്കാം. ബി. എ. മൂന്ന് വർഷ പ്രോഗ്രാമിന്റെ ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം പ്രകാരം എല്ലാ കോഴ്സുകളും പൂർത്തിയാക്കിയവർക്കും ഒന്ന് മുതൽ നാല് വരെ സെമസ്റ്ററുകൾ വിജയിച്ച് (നാല് വർഷ ഡിഗ്രി പ്രോഗ്രാമിന് ഒന്ന് മുതൽ ആറ് സെമസ്റ്ററുകൾ വിജയിച്ച്) 2026 ഏപ്രിൽ / മെയ് മാസങ്ങളിൽ അവസാന സെമസ്റ്റർ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം. ഇവർ 2026 ആഗസ്റ്റ് 31ന് മുൻപായി അവസാന വർഷ ഡിഗ്രി ഗ്രേഡ് ഷീറ്റ്, പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം. അവസാന തീയതി ഏപ്രിൽ 16. ബിരുദാനന്തര ബിരുദ/പി. ജി. ഡിപ്ലോമ പ്രോഗ്രാമുകൾക്ക് അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർ ഏപ്രിൽ 16ന് മുമ്പായി ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. മെയ് നാല് മുതൽ പ്രവേശന പരീക്ഷകൾ ആരംഭിക്കും. മെയ് 18ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കും.

മെയ് 21ന് പ്രവേശന നടപടികൾ തുടങ്ങും. ജൂൺ ഒന്നിന് ക്ലാസുകൾ ആരംഭിക്കും. ഓൺലൈൻ അപേക്ഷയുടെ പ്രിന്റഡ് കോപ്പി, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ജാതി/മതം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പുകളും അസ്സലുകളും സഹിതം അതാത് വകുപ്പ് മേധാവികൾ, കോഴ്സുകൾ നടത്തപ്പെടുന്ന പ്രാദേശിക ക്യാമ്പസ് ഡയറക്ടർമാർ എന്നിവർക്ക് അഡ്മിഷൻ സമയത്ത് സമർപ്പിക്കേണ്ടതാണ്. പ്രവേശന പരീക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാവുന്നതാണ്. ഒരു അപേക്ഷകന് മൂന്ന് പ്രോഗ്രാമുകൾക്ക് വരെ അപേക്ഷിക്കാം. ഒന്നിൽ കൂടുതൽ പി. ജി. പ്രോഗ്രാമുകൾക്ക് അപേക്ഷിക്കുന്നവർ ഓരോ പി. ജി. പ്രോഗ്രാമിനും പ്രത്യേകം പ്രവേശന പരീക്ഷ ഫീസ് അടയ്ക്കേണ്ടതാണ്. സ്പോട്ട് / ലാറ്ററൽ എൻട്രി അഡ്മിഷൻ ഉണ്ടായിരിക്കുന്നതല്ല. വിശദവിവരങ്ങൾക്കും ഓൺലൈനിൽ അപേക്ഷിക്കുന്നതിനും www.ssus.ac.in സന്ദർശിക്കുക. ഫോൺ: 0484-2699731.

# സിനിമയുടെ അകക്കണ്ണറിയാൻ 'സിനിമ വി' യാത്ര

**കൊച്ചി:** സിനിമയിലെ അഭിനയവും സാങ്കേതിക വശങ്ങളും ഒരു യാത്രയിലൂടെ പഠിക്കാൻ അവസരമൊരുക്കി സംവിധായകൻ പ്രശാന്ത് മുരളിയുടെ 'സിനിമ വി' കുട്ടിക്കാനത്തേക്ക് പുറപ്പെടുന്നു. തിയറി ക്ലാസ്സുകളിൽ ഒതുങ്ങാതെ, ഒരു യഥാർത്ഥ സിനിമയുടെ ചിത്രീകരണ അനുഭവങ്ങളിലൂടെ കടന്നുപോകാൻ കഴിയുന്ന ഈ പരീക്ഷണാത്മക ആക്ടിംഗ് ക്യാമ്പ് ഏപ്രിൽ 24 മുതൽ 27 വരെയാണ് നടക്കുന്നത്.

'UNACTING Cinema Vandi' എന്ന് പേരിട്ടിരിക്കുന്ന ഈ ട്രാവൽ ക്യാമ്പ് കൊച്ചിയിൽ നിന്നും ആരംഭിച്ച് പീരുമേട്, കുട്ടിക്കാനം തുടങ്ങിയ മനോഹരമായ ലൊക്കേഷനുകളിലൂടെയാണ് സഞ്ചരിക്കുന്നത്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് അഭിനയത്തിന്റെ നൂതന രീതികൾ പഠിക്കാനാവുമെന്ന് മാത്രമല്ല, അവർക്കായി തയ്യാറാക്കിയ ഒരു റോഡ് മൂവി ഷോർട്ട് ഫിലിമിൽ നേരിട്ട് അഭിനയിക്കാനുള്ള അവസരവും ഇതിലൂടെ ലഭിക്കും. ഇതിനു പുറമെ ഓരോ ആക്ടിംഗിന്റെയും വിഷ്വൽ അനാലിസിസും ഈ ക്യാമ്പിന്റെ ഭാഗമായി ഒരുക്കുന്നുണ്ട്.

അവാർഡ് ജേതാവായ സംവിധായകൻ പ്രശാന്ത് മുരളിയുടെ നേതൃത്വത്തിലുള്ള A.C.T Methods എന്ന ബ്രാൻഡിന്റെ കീഴിലാണ് ഈ വ്യത്യസ്തമായ സിനിമാ സംരംഭം ഒരുങ്ങുന്നത്. വെറുമൊരു വർക്ക്ഷോപ്പ് എന്നതിലുപരി, സിനിമയോടുള്ള താൽപ്പര്യമുള്ളവർക്ക് പരസ്പരം സംവദിക്കാനും ഒരു പ്രൊഫഷണൽ സെറ്റിന്റെ ഗൗരവം മനസ്സിലാക്കാനും ഈ നാലു ദിവസത്തെ യാത്ര സഹായിക്കുമെന്ന് സംഘാടകർ അറിയിച്ചു.

# ശാന്തി ഡി–അഡിക്ഷൻ സെന്ററിന് ആംബുലൻസ് നൽകി ഫെഡറൽ ബാങ്ക്

**കോഴിക്കോട്:** സാമൂഹിക പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി ശാന്തി ഡി-അഡിക്ഷൻ സെന്ററിന് ഫെഡറൽ ബാങ്ക് ആംബുലൻസ് സംഭാവന ചെയ്തു. കോഴിക്കോട് ബിഷപ്പ് ഹൗസിൽ നടന്ന ചടങ്ങിൽ ബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റും കോഴിക്കോട് സോണൽ ഹെഡുമായ എ.സുതീഷ് ആംബുലൻസിന്റെ താക്കോൽ ആർച്ച് ബിഷപ്പ് വർഗീസ് ചക്കാലക്കലിന് കൈമാറി.

കോഴിക്കോട് അതിരൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ശാന്തി ഡി-അഡിക്ഷൻ സെന്ററിന്റെയും ഡയറക്ടറായ ഫാ. ആൽഫ്രഡ് വി.സി., മോൺ.ഡോ.ജെൻസൺ പുത്തൻവീട്ടിൽ, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും കോഴിക്കോട് റീജണൽ ഹെഡുമായ പ്രമോദ് കുമാർ ടി വി തുടങ്ങിയവർ സന്നിഹിതരായിരുന്നു.



*ഫെഡറൽ ബാങ്കിന്റെ സാമൂഹിക പ്രതിബദ്ധതാ പദ്ധതിയിൽ ഉൾപ്പെടുത്തി ശാന്തി ഡി-അഡിക്ഷൻ സെന്ററിന് നൽകുന്ന ആംബുലൻസിന്റെ താക്കോൽ ബാങ്കിന്റെ സീനിയർ വൈസ് പ്രസിഡന്റും കോഴിക്കോട് സോണൽ ഹെഡുമായ എ സുതീഷ് ആർച്ച് ബിഷപ്പ് വർഗീസ് ചക്കാലക്കലിന് കൈമാറുന്നു. കോഴിക്കോട് അതിരൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും ശാന്തി ഡി-അഡിക്ഷൻ സെന്ററിന്റെയും ഡയറക്ടറായ ഫാ. ആൽഫ്രഡ് വി.സി., മോൺ.ഡോ.ജെൻസൺ പുത്തൻവീട്ടിൽ, ഫെഡറൽ ബാങ്ക് ഡെപ്യൂട്ടി വൈസ് പ്രസിഡന്റും കോഴിക്കോട് റീജണൽ ഹെഡുമായ പ്രമോദ് കുമാർ ടി വി തുടങ്ങിയവർ സമീപം.*

# ഉയർന്ന പോളിംഗ്: എറണാകുളം ജില്ല മൂന്നാമത്

(ഒന്നാം പേജ് തുടർച്ച)

അങ്കമാലി മണ്ഡലത്തിൽ 1,70,404 വോട്ടർമാരുള്ളതിൽ 1,28,853 പേരാണ് വോട്ട് രേഖപ്പെടുത്തിയത്. വോട്ടെടുപ്പ് ദിനമായ
ഏപ്രിൽ 9 ന് രാത്രി 12 ഓടെ എല്ലാ ബൂത്തുകളിൽ നിന്നും പോളിങ് സാമഗ്രികൾ തിരികെ അതത് കളക്ഷൻ സെന്ററുകളിൽ എത്തിക്കുകയും തുടർന്ന് അവ ഇന്നലെ രാവിലെ പത്തോടെ സ്ട്രോങ്ങ് റൂമുകളിലേക്ക് മാറ്റുകയും ചെയ്തതായി ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ എ.എസ് ശ്രീകല പറഞ്ഞു.



കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ക്രമീകരിച്ച വെബ് കാസ്റ്റിങ് കൺട്രോൾ റൂം.

### പഴുതടച്ച നിരീക്ഷണം

തിരഞ്ഞെടുപ്പ് കുറ്റമറ്റതാക്കാൻ ജില്ലയിലെ 14 മണ്ഡലങ്ങളിലും 9 വീതം ഫ്ളയിംഗ് സ്ക്വാഡുകളും സ്റ്റാറ്റിക് സർവെയിലൻസ് ടീമുകളും 24 മണിക്കൂറും നിരീക്ഷണ സജ്ജരായി രംഗത്തുണ്ടായിരുന്നു. അനധികൃതമായി സ്ഥാപിച്ച 50184 പ്രചാരണ ബോർഡുകളും സാമഗ്രികളും ആന്റി ഡീഫേസ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തു. പെരുമാറ്റച്ചട്ട ലംഘനവുമായി ബന്ധപ്പെട്ട് സി- വിജിൽ ആപ്പിലൂടെ ലഭിച്ച 19372 പരാതികളും സമയബന്ധിതമായി പരിഹരിച്ചു. തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചത് മുതൽ പോളിങ് ദിനം വരെ 24 ദിവസം സാമൂഹ്യ മാധ്യമങ്ങൾ ടെലിവിഷൻ ചാനലുകൾ പത്രമാധ്യമങ്ങൾ എന്നിവ ഇടതടവില്ലാതെ നിരീക്ഷിച്ച് എംസിഎംസി ( മീഡിയ സർട്ടിഫിക്കേഷൻ ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി). ജില്ലാ ഇൻഫർമേഷൻ ഓഫീസർ എൻ. ബി ബിജുവിന്റെ നേതൃത്വത്തിലാണ് ടീം പ്രവർത്തിച്ചിരുന്നത്

### മിഴിചിമ്മാതെ ക്യാമറകണ്ണുകൾ; 3149 ബൂത്തുകളും നിരീക്ഷണ വലയത്തിലാക്കി

വോട്ടെടുപ്പ് നാളിൽ ജില്ലയിലെ ഒരു ഓക്സിലറി ബൂത്ത് ഉൾപ്പെടെ 3149 ബൂത്തുകളും നിരീക്ഷണ വലയത്തിലാക്കി കളക്ടറേറ്റിൽ പ്രവർത്തിച്ച വെബ്കാസ്റ്റിംഗ് കൺട്രോൾ റൂം. ബൂത്തുകൾക്കുള്ളിലെ ഓരോ ചലനവും തത്സമയം നിരീക്ഷിക്കാനും കൃത്യമായ വിവരങ്ങൾ ക്രോഡീകരിക്കാനും സാധിച്ചതോടെ പരാതികൾക്കിടയില്ലാത്ത വിധം തിരഞ്ഞെടുപ്പ് പ്രക്രിയ പൂർത്തിയാക്കാൻ സാധിച്ചു. ജില്ലയിലെ എല്ലാ പോളിങ് ബൂത്തുകളിലും ഇത്തവണ എ.ഐ ഇന്റഗ്രേറ്റഡ് വെബ്കാസ്റ്റിംഗ് സംവിധാനമാണ് ഒരുക്കിയിരുന്നത്. സുതാര്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബൂത്തിന് അകത്തും പുറത്തുമായി രണ്ട് ക്യാമറകൾ വീതം സ്ഥാപിച്ചായിരുന്നു നിരീക്ഷണം. ഇന്റർനെറ്റ് സംവിധാനം ലഭ്യമല്ലാതിരുന്ന ആറ് ഷാഡോ ബൂത്തുകളിൽ വോട്ടെടുപ്പ് പ്രക്രിയ പൂർണ്ണമായും റെക്കോർഡ് ചെയ്യാനും വിവരങ്ങൾ തത്സമയം കൺട്രോൾ റൂമിൽ ശേഖരിക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തിയിരുന്നു. പ്രശ്നബാധിത ബൂത്തുകളിൽ റിട്ടേണിങ് ഓഫീസർമാരുടെ നിർദ്ദേശപ്രകാരം കൂടുതൽ ക്യാമറകളും സജ്ജീകരിച്ചിരുന്നു. കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ സജ്ജീകരിച്ച കൺട്രോൾ റൂമിൽ ഓരോ നിയോജകമണ്ഡലത്തിനും മൂന്ന് ടെലിവിഷനുകളും ലാപ്ടോപ്പുകളും വീതമാണ് വെബ്കാസ്റ്റിംഗിനായി ഉപയോഗിച്ചത്. പോളിങ് ശതമാനം വേഗത്തിൽ ക്രോഡീകരിക്കുന്നതിന് പ്രോ ആപ്പും വോട്ടെടുപ്പ് ദിവസം സജീവമായിരുന്നു.

ജില്ലാ കളക്ടർ ജി. പ്രിയങ്ക കൺട്രോൾ റൂമിന്റെ പ്രവർത്തനങ്ങൾ നേരിട്ട് നിയന്ത്രിച്ചു. ഐ.ടി നോഡൽ ഓഫീസർ നിതിൻ കെ. സതീഷ്, വെബ്കാസ്റ്റിംഗ് നോഡൽ ഓഫീസർ ചിഞ്ചു സുനിൽ ദത്ത് എന്നിവർ നിരീക്ഷണ സംവിധാനങ്ങൾ ഏകോപിപ്പിച്ചു.

### വനിതാ ശിശു സൗഹൃദ തിരഞ്ഞെടുപ്പ്

എല്ലാം ബൂത്തുകളിലും മിനി ക്രഷ് സൗകര്യം, കുട്ടികൾക്കായി കളിപ്പാട്ടങ്ങൾ, മുലയൂട്ടുന്ന അമ്മമാർക്കായി പ്രത്യേക മുറികൾ, ഗർഭിണികൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും വിശ്രമിക്കാനുള്ള ഇടങ്ങൾ എന്നിവ ഒരുക്കിയിരുന്നു.

### കൂൾ ആൻഡ് ഗ്രീൻ ഇലക്ഷൻ

വോട്ട് ചെയ്യാൻ ബൂത്തിൽ എത്തുന്ന വോട്ടർമാർക്ക് ചൂടിൽ നിന്നും രക്ഷ നേടാൻ ഓരോ ബൂത്തിലും തണ്ണീർ പന്തലുകൾ സജ്ജീകരിച്ചിരുന്നു. കൂടാതെ ഫോൺ സൂക്ഷിക്കുന്നതിനായി ഹരിത പൗച്ചുകളും ഒരുക്കി. തിരഞ്ഞെടുപ്പ് പ്രക്രിയയിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പരമാവധി കുറയ്ക്കുന്നതിനൊപ്പം ഉപയോഗിച്ച പ്ലാസ്റ്റിക്കുകളും പേപ്പറുകളും പുനരുപയോഗിക്കുന്നതിനുള്ള പദ്ധതിയും ജില്ലാ ഭരണകൂടം ആവിഷ്കരിച്ച് വരികയാണ്.

# കോന്തുരുത്തിപ്പുഴ പുനരധിവാസം: ഒഴിപ്പിക്കൽ നടപടികൾക്ക് തുടക്കമായി

## 80 കുടുംബങ്ങൾക്ക് ധനസഹായം കൈമാറി

**കൊച്ചി:** കേരള ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി കൊച്ചി നഗരസഭയുടെ നേതൃത്വത്തിലുള്ള കോന്തുരുത്തിപ്പുഴ പുനരധിവാസ ഒഴിപ്പിക്കൽ നടപടികൾക്ക് തുടക്കമായി.



മേയർ അഡ്വ. വി.കെ. മിനിമോൾ, ഡെപ്യൂട്ടി മേയർ, സെക്രട്ടറി ഷിബു പി.എസ്, വിവിധ വകുപ്പ് മേധാവികൾ, ഉദ്യോഗസ്ഥർ എന്നിവരുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടപടികൾ ആരംഭിച്ചത്.

പുനരധിവാസ പാക്കേജിന്റെ ഭാഗമായി 80 പേർക്ക് 14 ലക്ഷം രൂപ വീതം കൈമാറി. സർക്കാർ മാനദണ്ഡപ്രകാരം എല്ലാ രേഖകളും കൈമാറിയ 80 പേർക്കാണ് ബാങ്ക് വഴി തുക കൈമാറിയത്. 14 ലക്ഷം രൂപ വീതമുള്ള ഒറ്റത്തവണ ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നേരിട്ട് കൈമാറി. തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ കെട്ടിടങ്ങൾ നഗരസഭയ്ക്ക് സ്വമേധയാ വിട്ടുനൽകി. വീടുകൾ നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗം ഔദ്യോഗികമായി ഏറ്റെടുക്കുകയും പൊളിച്ചുനീക്കൽ നടപടികൾക്കായി ബന്ധപ്പെട്ട സോണൽ ഓഫീസർമാർക്ക് കൈമാറുകയും ചെയ്തു.

ബാങ്ക് രേഖകളിൽ അപാകതയുണ്ടായിരുന്ന 8 പേർക്ക് അത് പരിഹരിച്ച് തിങ്കളാഴ്ച തുക കൈമാറും. 20 പേരൊഴികെ മറ്റെല്ലാവരും കോർപ്പറേഷൻ നടപടികളുമായി സഹകരിക്കുന്നുന്ന് മേയർ പറഞ്ഞു. രേഖകൾ ഹാജരാക്കാൻ 13 വരെ സമയം അനുവദിച്ചിട്ടുണ്ട്. കോടതി നിർദേശപ്രകാരം 16 ന് മുൻപായി നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കേണ്ടതുണ്ട്.

ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഒഴിപ്പിക്കപ്പെടുന്ന 126 കുടുംബങ്ങൾക്ക് 14 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന ചരിത്രപരമായ പദ്ധതിയിൽ കൂടുതൽ തുകയും വഹിക്കുന്നത് കൊച്ചി നഗരസഭയാണ്. പുനരധിവാസത്തിനായി ആകെ ആവശ്യമായ 17,64,00,000 രൂപയിൽ (17.64 കോടി) സിംഹഭാഗവും നഗരസഭ നേരിട്ടാണ് വഹിക്കുന്നത്. നഗരസഭയുടെ പ്ലാൻ ഫണ്ടിൽ നിന്നും പി എം എ വൈ പദ്ധതി വിഹിതത്തിൽ നിന്നുമായി 11,83,50,000 രൂപ (11.83 കോടി) മുൻകൂട്ടി വകയിരുത്തിയതോടൊപ്പം തനത് ഫണ്ടിൽ നിന്നും 4,54,50,000 രൂപ (4.54 കോടി) കൂടി ചേർത്ത് ആകെ 16,38,10,00 രൂപ (16.38 കോടി ) ആണ് ഈ പദ്ധതിക്കായി കൊച്ചി നഗരസഭ വിനിയോഗിക്കുന്നത്. എന്നാൽ ബാക്കി തുകയായ 1,26,00,000 രൂപ (1.26 കോടി ) മാത്രമാണ് സർക്കാർ വിഹിതമായി ലൈഫ് മിഷനിൽ നിന്ന് ലഭ്യമാകുന്നത്. സാധാരണ ഗതിയിൽ ഭവന പദ്ധതികൾക്ക് ലഭിക്കുന്ന പരിമിതമായ തുകയേക്കാൾ (9.25 ലക്ഷം രൂപ) അധികമായി, ഒഴിപ്പിക്കപ്പെടുന്ന ഓരോ കുടുംബത്തിനും 14 ലക്ഷം രൂപ വീതം നൽകണമെന്ന തീരുമാനം നഗരസഭയുടെ ഇച്ഛാശക്തി കൊണ്ട് മാത്രം നടപ്പിലായതാണ്. പുനരധിവാസം വൈകുന്നത് ഒഴിവാക്കാൻ ഘട്ടം ഘട്ടമായുള്ള ധന സഹായം ഒഴിവാക്കി, തുക ഒറ്റത്തവണയായി ഗുണഭോക്താക്കൾക്ക് നൽകാനും നഗരസഭ സർക്കാരിൽ നിന്ന് പ്രത്യേക അനുമതി വാങ്ങിയിരുന്നു. നഗരസഭാ പരിധിക്ക് പുറത്തും ഭൂമി വാങ്ങാനുള്ള അനുമതി കൂടി ലഭ്യമാക്കിയതോടെ, കൊന്തുരുത്തി പുഴയുടെ വീണ്ടെടുപ്പിനൊപ്പം ഭവനരഹിതരാകുന്നവർക്ക് മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കാനും കൊച്ചി നഗരസഭയ്ക്ക് സാധിച്ചു. പുഴയുടെ പുനരുദ്ധാരണത്തിനായി സഹകരിച്ച ഗുണഭോക്താക്കൾക്കും ആക്ഷൻ കൗൺസിലിനും മേയർ നന്ദി രേഖപ്പെടുത്തി.

# ഐഐഎംസി: മലയാളം ജേർണലിസം കോഴ്സിന് അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം:** കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലുള്ള ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ (ഐഐഎംസി) കോട്ടയം ക്യാമ്പസിൽ ഒരു വർഷത്തെ മലയാളം ജേർണലിസം ബിരുദാനന്തര ഡിപ്ലോമ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. പരീക്ഷാഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാം.

ഓഗസ്റ്റ് ഒന്നിന് പൊതു വിഭാഗത്തിലുള്ളവർക്ക് 25 വയസും, എസ് സി/എസ് റ്റി/ഭിന്നശേഷി വിഭാഗക്കാർക്ക് 30 വയസ്സും, ഒ ബി സി വിഭാഗക്കാർക്ക് 28 വയസ്സും കവിയരുത്. കോട്ടയത്ത് പാമ്പാടിയിലുള്ള ക്യാമ്പസിൽ മെയ് 23ന് പ്രവേശന പരീക്ഷ നടക്കും. പൊതുവിജ്ഞാനം, ഭാഷാ പരിജ്ഞാനം, പത്രപ്രവർത്തന അഭിരുചി എന്നിവ വിലയിരുത്തും. മെയ് 26ന് ഫലം പ്രഖ്യാപിക്കും. ജനറൽ വിഭാഗത്തിന് 800 രൂപയും, ഒ ബി സി/ഇ ഡബ്ള്യു എസ് വിഭാഗത്തിന് 600 രൂപയും, എസ് സി/എസ് റ്റി/ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് 550 രൂപയും, ഭിന്നശേഷി വിഭാഗക്കാർക്ക് 500 രൂപയുമാണ് പ്രവേശന പരീക്ഷ ഫീസ്. പൂരിപ്പിച്ച അപേക്ഷകൾ 2026 മെയ് എട്ടിനകം സമർപ്പിക്കണം.

അപേക്ഷഫോറത്തിനും, വിശദ വിവരങ്ങൾക്കും www.i-im-c.gov.in സന്ദർശിക്കുകയോ, കോട്ടയം പാമ്പാടിയിലുള്ള ഐ ഐ എം സി ക്യാമ്പസ് സന്ദർശിക്കുകയോ ചെയ്യുക. https://forms.gle/juLE8R8MVswaBJhb8 എന്ന ലിങ്ക് വഴിയും അപേക്ഷ സമർപ്പിക്കാം. oa.iimckottayam[at]gmail[dot]com എന്ന മെയിലിലേക്കും ബന്ധപ്പെട്ട രേഖകൾ സഹിതമുള്ള അപേക്ഷകൾ അയയ്ക്കാം. കോട്ടയം ക്യാമ്പസിലെ 0481– 2502520, 9188941831, 9744838575, 8075511931എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡബിൾ ഹോഴ്സ് 'ഗോൾഡൻ ഗെറ്റ്എവേ സീസൺ 3' വിജയികളെ പ്രഖ്യാപിച്ചു

**കൊച്ചി:** കേരളത്തിലെ പ്രമുഖ ഭക്ഷ്യോൽപ്പന്ന ബ്രാൻഡായ ഡബിൾ ഹോഴ്സ്, തങ്ങളുടെ പ്രധാന ഉപഭോക്തൃ പരിപാടിയായ 'ഗോൾഡൻ ഗെറ്റ്എവേ സീസൺ 3'-ലെ വിജയികളെ കൊച്ചിയിൽ നടന്ന പത്രസമ്മേളനത്തിൽ പ്രഖ്യാപിച്ചു. മുൻ പതിപ്പുകളുടെ വിജയത്തിന് പിന്നാലെ എത്തിയ ഈ മൂന്നാം സീസണിലും രാജ്യത്തുടനീളമുള്ള ഉപഭോക്താക്കളിൽ നിന്നും വൻ പങ്കാളിത്തമാണ് ഉണ്ടായത്. ക്യാമ്പയിനിൽ പങ്കെടുത്ത പതിനായിരക്കണക്കിന് ഉപഭോക്താക്കളിൽ നിന്നാണ് സമ്മാനാർഹരെ തിരഞ്ഞെടുത്തത്.

വിശ്വസ്തരായ ഉപഭോക്താക്കളോടുള്ള നന്ദിസൂചകമായി സംഘടിപ്പിച്ച ഈ ക്യാമ്പയിനിൽ, ആകെ 6 കോടി രൂപ മൂല്യമുള്ള സമ്മാനങ്ങളാണ് വിതരണം ചെയ്തത്. ഓരോ പർച്ചേസിനും 100രൂപ വരെയുള്ള ഉറപ്പായ ക്യാഷ്ബാക്ക് ഓഫറും പദ്ധതിയുടെ ഭാഗമായിരുന്നു. ബംപർ സമ്മാനമായ കിയ സോണറ്റ് കാർ, സിംഗപ്പൂരിലേക്കുള്ള വിദേശ യാത്ര എന്നിവയ്ക്ക് പുറമെ എയർ കണ്ടീഷണറുകൾ, മൈക്രോവേവ് ഓവനുകൾ, എയർ ഫ്രയറുകൾ, സ്വർണ്ണ നാണയങ്ങൾ എന്നിങ്ങനെ വിപുലമായ സമ്മാനങ്ങളും ഇതിൽ ഉൾപ്പെടുന്നു.




ഗുരുവായൂർ സ്വദേശിനി ലീന വാസുദേവൻ ബംപർ സമ്മാനമായ കിയ സോണറ്റ് കാർ സ്വന്തമാക്കിയപ്പോൾ, കണ്ണൂർ സ്വദേശിനി നിധിഷയ്ക്കാണ് സിംഗപ്പൂർ ട്രിപ്പിനുള്ള അവസരം ലഭിച്ചത്. ഇവർക്കൊപ്പം മറ്റ് നിരവധി വിജയികളും ആകർഷകമായ സമ്മാനങ്ങൾ ഏറ്റുവാങ്ങി. പ്രശസ്ത നടിയും ഡബിൾ ഹോഴ്സ് ബ്രാൻഡ് അംബാസഡറുമായ മംമ്ത മോഹൻദാസ്, അസോസിയേറ്റ് ഡയറക്ടർമാരായ എലിസ വിനോദ് മഞ്ഞില, ആനി വിനോദ് മഞ്ഞില, ആനിയ സന്തോഷ് മഞ്ഞില എന്നിവർ ചേർന്ന് വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഡബിൾ ഹോഴ്സ് തിരഞ്ഞെടുക്കുന്ന ഓരോ കുടുംബവും ഞങ്ങൾക്ക് വെറുമൊരു ഉപഭോക്താവല്ല, മറിച്ച് ഞങ്ങൾ അങ്ങേയറ്റം വിലമതിക്കുന്ന ഒരു ബന്ധമാണ്. വർഷങ്ങളായി അവർ നൽകുന്ന വിശ്വാസത്തിന്റെയും പിന്തുണയുടെയും ആഘോഷമാണ് ഗോൾഡൻ ഗെറ്റവേ സീസൺ 3. ഈ ബന്ധം കൂടുതൽ ഉത്തരവാദിത്തത്തോടും ദീർഘവീക്ഷണത്തോടും കൂടി ഞങ്ങൾ തുടർന്നും നിലനിർത്തുമെന്നും ഡബിൾ ഹോഴ്സ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വിനോദ് മഞ്ഞില ചടങ്ങിൽ അറിയിച്ചു.

## നെറ്റ്വർക്ക് വിപുലീകരണത്തിനൊരുങ്ങി നിസാൻ

കൊച്ചി: പ്രധാനപ്പെട്ട നെറ്റ്വർക്ക് വിപൂലീകരണത്തിന്റെ ഭാഗമായി രാജ്യത്ത് 54 ടച്ച് പോയിന്റുകൾ നിസാൻ ആരംഭിക്കുന്നു. ഈ വർഷത്തിന്റെ ആദ്യ പകുതിയിൽ കേരളത്തിൽ പത്തനംതിട്ട ഉൾപ്പടെ പുതിയ ടച്ച് പോയിന്റുകൾ നിസാൻ മോട്ടോർ ഇന്ത്യ ലിമിറ്റഡ് ആരംഭിക്കുമെന്ന് നിസാൻ അറിയിച്ചു. രാജ്യത്തിന്റെ പ്രധാന നഗരങ്ങളിൽ വിൽപ്പന -സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിതെന്നും അറിയിച്ചു.




ഗ്രാവൈറ്റിന് പുറമെ പുറത്തിറങ്ങാനിരിക്കുന്ന നിസാൻ ടെക്ക്ടൺ, 7 സീറ്റർ സി-എസ് യു വി എന്നിവയിലൂടെ ഉത്പന്ന പോർട്ട്റഫോളിയോ വിപുലീകരണം ശക്തിപ്പെടുത്തുന്നതിന് പുറമെ, നെറ്റ് വർക്ക് വിപുലീകരണത്തിലും പ്രാധാന്യം നൽകുന്നുവെന്ന് നിസാൻ മോട്ടോർ ഇന്ത്യ എംഡി സൗരഭ് വത്സ പറഞ്ഞു.

നിസാന്റെ ആഗോള റീട്ടെയിൽ നിലവാരത്തിനോട് ചേർന്ന് രൂപകൽപ്പന ചെയ്ത ആത്യാധുനിക സൗകര്യങ്ങളോട് കൂടിയ സംവിധാനങ്ങളാകും പുതിയ ടച്ച് പോയിന്റുകളുടെ ആകർഷണം. ഇതിന് പുറമെ, ലോകോത്തര ഉപഭോക്തൃ അനുഭവം നൽകുന്ന പരിശീലനം സിദ്ധിച്ച സെയിൽസ്- സർവീസ് പ്രൊഫഷണലുകളുടെ സേവനവും ലഭ്യമാകുമെന്ന് നിസാൻ പറഞ്ഞു.

## പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയാൻ കെഫോൺ സിഡിറ്റ് കൂട്ടായ്മ

**തിരുവനന്തപുരം:** പൊതുസ്ഥലങ്ങളിലെ മാലിന്യ നിക്ഷേപം തടയുന്നതിനായി ഗ്രാമപഞ്ചായത്തുകൾ നടത്തിവരുന്ന ശ്രമങ്ങൾക്ക് പിന്തുണയായി കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് (കെഫോൺ) സ്റ്റേറ്റ് സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി (സിഡിറ്റ്)യുമായി ധാരണാപത്രം ഒപ്പുവെച്ചു. പദ്ധതിയുടെ ഭാഗമായി കേരളത്തിലെ വിവിധ ജില്ലകളിലെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ സിഡിറ്റ് സി.സി. ടി.വി ക്യാമറകൾ സ്ഥാപിക്കുകയും കെഫോൺ അതിനാവശ്യമായ ഇന്റർനെറ്റ് സേവനം നൽകുകയും ചെയ്യും.

'അനിയന്ത്രിത മാലിന്യ നിക്ഷേപം നിയന്ത്രിക്കാൻ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്ന ഈ കൂട്ടായ്മ ശ്രദ്ധേയമായ നീക്കമാണ്, കെഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു ഐ.എ.എസ്. (റിട്ട.) പറഞ്ഞു. വിശ്വാസ്യതയുള്ള ഇന്റർനെറ്റ് സേവനം നൽകുന്നതിലൂടെ ശുചിത്വം ഉറപ്പാക്കാനുള്ള ശ്രമങ്ങൾക്ക് കെഫോൺ എല്ലാവിധ പിന്തുണയും നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കെ ഫോൺ മാനേജിങ് ഡയറക്ടർ ഡോ. സന്തോഷ് ബാബു ഐ.എ.എസ്. (റിട്ട.), സിഡിറ്റ് രജിസ്ട്രാർ ജയദേവ് ആനന്ദ്, മറ്റ് കെ ഫോൺ അധികൃതർ എന്നിവരുടെ സാന്നിധ്യത്തിലാണ് ധാരണാപത്രം ഒപ്പുവെച്ചത്. പദ്ധതിയുടെ ആദ്യഘട്ടമായി പാലക്കാട് ജില്ലയിലെ വടക്കാഞ്ചേരി, കണ്ണൂർ ജില്ലയിലെ പന്നിയന്നൂർ, ആലപ്പുഴയിലെ പട്ടണക്കാട് എന്നീ പഞ്ചായത്തുകളിൽ കെഫോണിന്റെ ഇന്റർനെറ്റ് കണക്ഷനോടെ സിഡിറ്റിന്റെ ക്യാമറകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചു.

## എൻബിബിഎല്ലിന്റെ 'ബാങ്കിംഗ് കണക്ട്' പ്ലാറ്റ്ഫോമിൽ ഇനി ആക്സിസ് ബാങ്കും

**കൊച്ചി:** നാഷണൽ പേയ്മെൻറ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പൂർണ്ണ ഉടമസ്ഥതയിലുള്ള അനുബന്ധ സ്ഥാപനമായ എൻപിസിഐ ഭാരത് ബിൽപേ ലിമിറ്റഡിന്റെ 'ബാങ്കിംഗ് കണക്ട്' പ്ലാറ്റ്ഫോമിൽ ഇനി മുതൽ രാജ്യത്തെ പ്രമുഖ സ്വകാര്യ ബാങ്കുകളിലൊന്നായ ആക്സിസ് ബാങ്ക് ലഭ്യമാകും.

ഈ പങ്കാളിത്തത്തിലൂടെ ബാങ്കിന്റെ 3.7 കോടി ഉപഭോക്താക്കൾക്ക് രാജ്യത്തെ 4,800-ലധികം വ്യാപാരികൾക്കിടയിൽ അതിവേഗത്തിലുള്ള ചെക്കൗട്ട് സംവിധാനവും ലളിതമായ നെറ്റ് ബാങ്കിംഗ് അനുഭവവും ലഭ്യമാകും.

എസ്ബിഐ, ഐസിഐസിഐ ബാങ്ക്, എച്ച്ഡിഎഫ്സി ബാങ്ക് ഉൾപ്പെടെ എട്ട് പ്രമുഖ ബാങ്കുകളുടെ ഉപഭോക്താക്കൾക്ക് ഇപ്പോൾ ബാങ്കിംഗ് കണക്ട് സേവനം ലഭ്യമാണ്. കൂടാതെ 11 പേയ്മെന്റ് അഗ്രഗേറ്ററുകളുമായും ഈ പ്ലാറ്റ്ഫോം സംയോജിപ്പിച്ചിട്ടുണ്ട്. ഏകീകൃതമായ എപിഐകളും ടൂൾകിറ്റുകളും ഉപയോഗിച്ച് പേയ്മെൻറ് അഗ്രഗേറ്ററുകൾക്ക് വ്യാപാരികളെ വേഗത്തിൽ ഈ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കാൻ സാധിക്കും.

ഇത് സാങ്കേതികമായ കാലതാമസം ഗണ്യമായി കുറയ്ക്കുന്നു. ഓരോ ബാങ്കുമായും പ്രത്യേകം കരാറുകൾ ഉണ്ടാക്കുന്നതിനും സാങ്കേതികമായി ബന്ധിപ്പിക്കുന്നതിനുമുള്ള ബുദ്ധിമുട്ട് ഒഴിവാക്കാൻ പേയ്മെന്റ് അഗ്രഗേറ്ററുകൾക്ക് ഇതിലൂടെ സാധിക്കും. ഇത് ഉപഭോക്താക്കൾക്ക് കൂടുതൽ വേഗതയേറിയതും തടസ്സമില്ലാത്തതുമായ പണമിടപാട് അനുഭവം നൽകുന്നു. കൂടാതെ നെറ്റ് ബാങ്കിംഗ് ഇടപാടുകളിലെ വിശ്വാസ്യത വർദ്ധിപ്പിക്കാനും ചെക്കൗട്ട് സമയത്ത് ഉപഭോക്തൃ സംതൃപ്തി ഉറപ്പാക്കാനും വ്യാപാരികൾക്കും ഇതിലൂടെ സാധിക്കുന്നു.

സുരക്ഷിതവും പരസ്പരബന്ധിതവുമായ ഡിജിറ്റൽ പേയ്മെൻറ് സംവിധാനങ്ങളിലേക്കുള്ള രാജ്യത്തിന്റെ ചുവടുമാറ്റത്തെ പിന്തുണയ്ക്കുന്ന റിസർവ് ബാങ്കിൻന്റെ പേയ്മെൻറ് വിഷൻ 2028'-ന് അനുസൃതമായാണ് ബാങ്കിംഗ് കണക്ട്' പ്രവർത്തിക്കുന്നത്.

ബാങ്ക് തലത്തിലുള്ള ആധികാരികത ഉറപ്പാക്കാനുള്ള പ്രക്രിയ, കേന്ദ്രീകൃത റിസ്ക് നിരീക്ഷണ സംവിധാനം എന്നിവ ഉൾക്കൊള്ളുന്ന പ്ലാറ്റ്ഫോമിന്റെ സുരക്ഷാ ഘടന വ്യാപാരികൾക്കും ഉപഭോക്താക്കൾക്കും ഒരുപോലെ വിശ്വാസ്യതയുള്ള പണമിടപാട് അനുഭവം ഉറപ്പാക്കുന്നു.

## 'ആക്സിസ് നിഫ്റ്റി ഇന്ത്യ ഡിഫൻസ് ഇൻഡക്സ് ഫണ്ട്' അവതരിപ്പിച്ച് ആക്സിസ് മ്യൂച്വൽ ഫണ്ട്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനികളിലൊന്നായ ആക്സിസ് മ്യൂചൽ ഫണ്ടിന്റെ പുതിയ ഫണ്ടായ 'ആക്സിസ് നിഫ്റ്റി ഇന്ത്യ ഡിഫൻസ് ഇൻഡക്സ് ഫണ്ട്' പുറത്തിറക്കി. നിഫ്റ്റി ഇന്ത്യ ഡിഫൻസ് ടോട്ടൽ റിട്ടേൺ ഇൻഡക്സിനെ പിന്തുടരുന്ന ഒരു ഓപ്പൺ എൻഡഡ് ഇൻഡക്സ് ഫണ്ടാണിത്. പുതിയ ഫണ്ട് ഓഫറിന്റെ സബ്സ്ക്രിപ്ഷൻ ഏപ്രിൽ 24-ന് അവസാനിക്കും. ഈ ഫണ്ടിന്റെ കുറഞ്ഞ നിക്ഷേപ തുക 100 രൂപയാണ് തുടർന്ന് ഒരു രൂപയുടെ ഗുണിതങ്ങളായി നിക്ഷേപം നടത്താം.

അലോട്ട്മെന്റ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ നിക്ഷേപം പിൻവലിക്കുകയോ മാറ്റുകയോ ചെയ്താൽ 0.25 ശതമാനം ഈടാക്കും. 15 ദിവസത്തിന് ശേഷം പിൻവലിക്കുകയാണെങ്കിൽ ഈ നിരക്ക് ബാധകമല്ല. നിഫ്റ്റി ഇന്ത്യ ഡിഫൻസ് ടോട്ടൽ റിട്ടേൺ ഇൻഡക്സിന്റെ പ്രകടനത്തിന് സമാനമായ നേട്ടം നിക്ഷേപകർക്ക് നൽകാനാണ് ആക്സിസ് നിഫ്റ്റി ഇന്ത്യ ഡിഫൻസ് ഇൻഡക്സ് ഫണ്ട് ലക്ഷ്യമിടുന്നത്. ട്രാക്കിംഗ് വ്യതിയാനങ്ങൾക്ക് വിധേയമായിട്ടായിരിക്കും ഈ ഫണ്ടിന്റെ പ്രവർത്തനമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. നന്ദിക് മല്ലിക്, രോഹിത് ഗൗതം എന്നിവരാണ് ഫണ്ട് മാനേജർമാർ.

# എക്കാലത്തേയും മികച്ച വിൽപ്പനയുമായി മെഴ്സിഡസ് ബെൻസ്

## അത്യാഡംബര വിഭാഗത്തിൽ 16 ശതമാനം വളർച്ച

**കൊച്ചി:** രാജ്യത്തെ മുൻനിര ആഡംബര കാർ നിർമാതാക്കളായ മെഴ്സിഡസ് ബെൻസ് കഴിഞ്ഞ സാമ്പത്തിക വർഷം 19,363 കാറുകൾ വിറ്റു. എക്കാലത്തേയും ഉയർന്ന വിൽപനയാണിത്. മുൻ വർഷം ഇത് 18,928 ആയിരുന്നു. 2026 ജനുവരി മുതൽ മാർച്ച് വരെയുള്ള ത്രൈമാസത്തിൽ 5131 കാറുകളാണ് വിറ്റഴിച്ചത്. മുൻ വർഷത്തെ ഇതേ കാലയളവിനേക്കാൾ ഏഴു ശതമാനം കൂടുതലാണിത്. ടോപ് എൻഡ് ലക്ഷ്വറി കാറുകളുടെ വിപണിയിൽ 16 ശതമാനം വളർച്ചയും കൈവരിച്ചു. എസ് ക്ലാസ്, മെയ്ബാക്ക്, ഇക്യൂഎസ് എസ്‌യുവി, എഎംജി മോഡലുകളിലാണ് ഈ നേട്ടം.

രാജ്യത്തെ വാഹന പ്രേമികൾക്കായി എഎംജി എ45 എസ് 4മാറ്റിക് എയ്റോ ട്രാക്ക് എഡിഷൻ, 4മാറ്റിക് പ്ലസ്, എഎംജി ജിഎൽഇ 53 4മാറ്റിക് പെർഫോമെൻസ് എഡിഷൻ എന്നിവയും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്.

രാജ്യത്ത് ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ആഡംബര സെഡാൻ എന്ന സ്ഥാനം മെഴ്സിഡസ് ബെൻസ് ഇ ക്ലാസ് ലോംഗ് വീൽ ബേസ് മോഡൽ തുടർച്ചയായി നിലനിർത്തുന്നുണ്ട്. കൂടാതെ പുതുതായി അവതരിപ്പിച്ച വി ക്ലാസിനും ഉടൻ എത്തുന്ന പുതിയ ഇലക്ട്രിക് സിഎൽഎ എന്നിവയ്ക്കും ആവശ്യക്കാരേറെയാണ്.

കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബെൻസിന്റെ വാഹന വിൽപനയിൽ ഇരുപത് ശതമാനവും ഇലക്ട്രിക് വാഹനങ്ങളായിരുന്നു. 1.4 കോടി രൂപയ്ക്ക് മുകളിലുള്ള ടോപ് എൻഡ് ഇലക്ട്രിക് വാഹനങ്ങളുടെ വിപണിയിൽ 85 ശതമാനം വളർച്ചയും കൈവരിച്ചിട്ടുണ്ട്. ഇക്യുഎസ് എസ്‌യുവി മെഴ്സിഡസിന്റെ ഏറ്റവും കൂടുതൽ വിൽപനയുള്ള ആഡംബര ഇലക്ട്രിക് വാഹനമായി മാറിയിട്ടുണ്ട്. ഫ്രാഞ്ചൈസി പങ്കാളികളിൽ നിന്നുള്ള 450 കോടി രൂപയിലേറെ നിക്ഷേപം ഉപയോഗിച്ച് നടപ്പു സാമ്പത്തിക വർഷത്തിൽ 20 പുതിയ ആഡംബര വിൽപന കേന്ദ്രങ്ങൾ ആരംഭിക്കാനും പദ്ധതിയുണ്ട്.

## ലോക വജ്രദിനം ആഘോഷിച്ച് ആഭരണവിപണി

**കൊച്ചി:** ആഗോള വജ്രദിനമായ ഏപ്രിൽ 8-ന് പ്രകൃതിദത്ത വജ്രങ്ങളുടെ സൗന്ദര്യവും പൈതൃകവും വജ്രാഭരണങ്ങളുടെ വൈവിധ്യവും ആഘോഷിച്ച് രാജ്യത്തെ ആഭരണവിപണി. 2026 ഏപ്രിൽ 8-ന് നാച്ചുറൽ ഡയമണ്ട് കൗൺസിൽ (NDC) ആരംഭിച്ച ലോക വജ്രദിനത്തിന്റെ ഭാഗമായാണ് രാജ്യത്തെ ആഭരണ വിപണിയിൽ ആഘോഷങ്ങൾ നടന്നത്. ആഘോഷങ്ങളുടെ ഭാഗമായി കരകൗശല വിദഗ്ധർ, നിർമ്മാതാക്കൾ, ചില്ലറ വ്യാപാരികൾ, ഉപഭോക്താക്കൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർ അനുഭവങ്ങൾ പങ്ക് വച്ചു.

പ്രകൃതിദത്ത വജ്രങ്ങളെ ആഘോഷിക്കുന്ന വജ്ര ദിനത്തിൽ ജെം ആൻഡ് ജ്വല്ലറി എക്സ്പോർട്ട് പ്രമോഷൻ കൗൺസിൽ, ഓൾ ഇന്ത്യ ജെം ആൻഡ് ജ്വല്ലറി ഡൊമെസ്റ്റിക്ക് കൗൺസിൽ, ഭാരത് ഡയമണ്ട് ബോഴ്സ് എന്നിവ കൂടാതെ വീനസ് ജുവൽ, എസ്ആർകെ എക്സ്പോർട്ട്സ്, എച്ച്കെ എക്സ്പോർട്ട്സ്, കെപി സാങ്വി, ധർമ്മാനന്ദൻ ഡയമ്സ്, ഫൈൻസ്റ്റാർ ജ്വല്ലറി ആൻഡ് ഡയമ്സ്, ശിവം ജുവൽസ്, എ എസ്. മോതിവാല ഉൾപ്പെടെ പ്രമുഖ വ്യവസായ പങ്കാളികളും ആഘോഷങ്ങളുടെ ഭാഗമായി.

ലോക വജ്രദിനം ആളുകൾക്ക് തങ്ങളുടെ വജ്രങ്ങൾ യഥാർത്ഥത്തിൽ എന്താണ് അർത്ഥമാക്കുന്നതെന്ന് പങ്കിടാനുള്ള ഒരു വേദിയാണെന്ന് നാച്ചുറൽ ഡയമണ്ട് കൗൺസിൽ മാനേജിംഗ് ഡയറക്ടർ റിച്ച സിംഗ് പറഞ്ഞു. പ്രകൃതിദത്ത വജ്രങ്ങൾ എപ്പോഴും സവിശേഷമാണെന്നും അവ ധരിക്കുന്ന ആളുകളുടെ ജീവിതത്തിലും പ്രകൃതിദത്ത വജ്രങ്ങളുടെ പ്രാധാന്യം ഒരു നിമിഷം ആലോചിക്കാനും, പ്രതിഫലിപ്പിക്കാനും തിരിച്ചറിയാനുമുള്ള ഒരു അവസരമാണിതെന്നും ജോസ് ആലുക്കാസ് മാനേജിംഗ് ഡയറക്ടർ വർഗീസ് ആലുക്കാസ് പറഞ്ഞു.

## എൽജിയുടെ എച്ച്.വി.എസി സൊല്യൂഷനുകൾ സജ്ജീകരിച്ചു

**കൊച്ചി:** എൽജി ഇലക്ട്രോണിക്സിന്റെ ഹീറ്റിംഗ്, വെന്റിലേഷൻ, എയർ കണ്ടീഷനിംഗ് (എച്ച്.വി.എ.സി) സൊല്യൂഷനുകൾ പുതുതായി നിർമ്മിച്ച പ്രധാന മന്ത്രിയുടെ ഓഫീസ് സമുച്ചയമായ സേവാ തീർത്ഥിൽ സജ്ജീകരിച്ചു. രാജ്യത്ത് ആദ്യമായാണ് ഇത്തരത്തിലൊരു എച്ച് വി എസി സംവിധാനം ഇതുപോലൊരു ഓഫീസിൽ സ്ഥാപിക്കുന്നത്.

113 ഔട്ട് ഡോർ യൂണിറ്റുകൾ ഉൾപ്പെടുന്ന 1,590 ഹോഴ്സ് പവർ ശേഷിയുള്ള ഒരു വേരിയബിൾ റഫ്രിജറന്റ് ഫ്ളോ (വിആർഎഫ്) എയർ കണ്ടീഷനിംഗ് സിസ്റ്റമാണിത്. കമ്പനിയുടെ പൂനെ നിർമ്മാണ കേന്ദ്രത്തിൽ നിന്നാണ് ഈ സംവിധാനം വിതരണം ചെയ്തത്. ഇന്ത്യൻ സാഹചര്യങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്ത വിആർഎഫ് സംവിധാനങ്ങൾ ആഭ്യന്തര ഉല്പന്ന പരിശോധനാ മാനദണ്ഡങ്ങൾ അനുസരിച്ച് 39 ഡിഗ്രി സെൽഷ്യസ് വരെ താപനിലയിൽ പോലും പൂർണ്ണ ശേഷിയിൽ പ്രവർത്തിക്കാനാകും വിധത്തിൽ രൂപകൽപ്പന ചെയ്തിരിക്കുന്നതിനാൽ ഏത് കഠിനമായ കാലാവസ്ഥയിലും മികച്ച പ്രകടനം ഉറപ്പാക്കുന്നു.

കൂടാതെ, എസി സ്മാർട്ട് 5 ഇൻറലിജൻറ് കൺട്രോൾ പ്ലാറ്റ്ഫോം ഉൾപ്പെടുത്തിയതിലൂടെ തത്സമയ നിരീക്ഷണവും കേന്ദ്രീകൃത നിയന്ത്രണവും സാധ്യമാകും. പ്രധാനമന്ത്രിയുടെ ഓഫീസ് മന്ദിരമായ സേവാ തീർത്ഥിന് വിആർഎഫ് സംഭാവന നൽകാനായതിൽ അഭിമാനിക്കുന്നുവെന്നും കമ്പനി മാനേജിംഗ് ഡയറക്ടറും ചീഫ് സെയിൽസ് ആന്റ് മാർക്കറ്റിംഗ് ഓഫീസറുമായ ഹോങ് ജു ജിയോൺ പറഞ്ഞു.

## ഡോ. അരുൺ ഉമ്മനെ ഐക്യരാഷ്ട്രസഭയുടെ പ്രതിനിധിയായി നിയമിച്ചു

**കൊച്ചി:** സീനിയർ ന്യൂറോ സർജൻ ഡോ. അരുൺ ഉമ്മൻ ഐക്യരാഷ്ട്രസഭയുടെ സാമ്പത്തിക സാമൂഹിക കൗൺസിലിൽ യു എൻ പ്രതിനിധിയായി നിയമിച്ചു.

ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്ത് ആഫ്രിക്കൻ വനിതാ വർക്കിംഗ് ഗ്രൂപ്പിനെ പ്രതിനിധീകരിക്കുന്ന ചുമതല ഡോ. അരുൺ ഉമ്മൻ ഏറ്റെടുക്കും. ഈ നിയമനത്തോടെ, ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുന്ന ആഗോള സംഭാഷണം, നയരൂപീകരണം, ബഹു-പങ്കാളി സഹകരണം എന്നിവയിലെ സുസ്ഥിര വികസനം, വളർച്ച, അന്താരാഷ്ട്ര സഹകരണം എന്നീ മേഖലകളിൽ ഡോ. ഉമ്മന് മികച്ച സംഭാവന നൽകാനാവും. ദീർഘകാല സ്വാധീനം സൃഷ്ടിക്കുന്ന സംരംഭങ്ങളെ പിന്തുണയ്ക്കുന്നതിന് ആഗോള നേതാക്കൾ, നയരൂപീകരണക്കാർ, സിവിൽ സൊസൈറ്റി സംഘടനകൾ, വ്യത്യസ്ത പ്രതിനിധികൾ എന്നിവരോടൊപ്പം അദ്ദേഹം പ്രവർത്തിക്കും. മെയ് 29ന് ന്യൂയോർക്കിലെ ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്ത് അദ്ദേഹം ചുമതലയേൽക്കും. കൊച്ചിയിലെ വി പി എസ് ലേക്ഷോർ ഹോസ്പിറ്റലിൽ സീനിയർ ന്യൂറോ



സർജനാണ് കേരള ന്യൂറോളജിക്കൽ സൊസൈറ്റിയുടെ സംസ്ഥാന സെക്രട്ടറി കൂടിയായ ഡോ. അരുൺ ഉമ്മൻ. കൊച്ചിയിൽ കാൻസർ സ്പെഷ്യലിസ്റ്റായ ഡോ. റോജ ജോസഫാണ് ഭാര്യ. രണ്ട് ആൺമക്കളുണ്ട്.

## ഫ്ളെക്സിബിൾ ഓപ്ഷൻ പ്ലാനുമായി ഐസിഐസിഐ പ്രു

**തിരുവനന്തപുരം:** ആവശ്യമായ സമ്പാദ്യം സ്വരൂപിക്കുന്നതിനായി വ്യവസ്ഥാപിതമായ രീതിയിൽ വിഹിതം അടയ്ക്കാനും, തുടർന്ന് ജീവിതകാലം മുഴുവൻ ഉറപ്പായ സ്ഥിരവരുമാനം നേടാനും വ്യക്തികളെ അനുവദിക്കുന്ന പ്രത്യേക പ്ലാനുമായി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ്. ആയുർദൈർഘ്യം കൂടുമ്പോൾ, വിരമിച്ച ശേഷമുള്ള ജീവിതകാലത്ത് വ്യക്തികൾക്ക് ജീവിതച്ചെലവുകളിലും കുതിച്ചുയരുന്ന മെഡിക്കൽ പണപ്പെരുപ്പത്തിലും വലിയ വർധനവ് നേരിടേണ്ടി വരുന്നുണ്ട്. ഈ വെല്ലുവിളി മനസ്സിലാക്കിക്കൊണ്ടും റിട്ടയർമെന്റ് പ്ലാനിങ് ലളിതമാക്കുന്നതിനുമായാണ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു.

ഐസിഐസിഐ പ്രു ഗ്യാരീഡ് പെൻഷൻ പ്ലാൻ ഫ്ളെക്സി എന്ന പേരിൽ പദ്ധതി രൂപകൽപന ചെയ്തിരിക്കുന്നത്. ഉപഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഇ7 ഫ്ളെക്സിബിൾ ഓപ്ഷനുകളാണ് ഇത് വാഗ്ദാനം ചെയ്യുന്നത്. വേവർ ഓഫ് പ്രീമിയം സൗകര്യത്തോടുകൂടിയ ജോയിന്റ് ലൈഫ് ഓപ്ഷൻ നൽകുന്നുവെന്നതാണ് സവിശേഷത. പോളിസി ഉടമ മരണപ്പെട്ടാൽ ഭാവിയിലെ എല്ലാ പ്രീമിയങ്ങളും കമ്പനി അടയ്ക്കുന്ന രീതിയാണിത്. കൃത്യമായ വരുമാനം നൽകുന്ന പലിശ നിരക്ക് ഉൽപ്പന്നം വാങ്ങുന്ന സമയത്ത് തന്നെ നിശ്ചയിക്കപ്പെടുന്നതും, പലിശ നിരക്കിലുണ്ടാകുന്ന മാറ്റങ്ങൾക്കനുസരിച്ച് നിങ്ങളുടെ ഉറപ്പായ വരുമാനത്തിൽ വ്യതിയാനങ്ങൾ സംഭവിക്കില്ല എന്നതും സവിശേഷതകളാണ്. കൂടാതെ, പോളിസി ഉടമയ്ക്ക് നിർദിഷ്ടമായ ഏതെങ്കിലും ഗുരുതരമായ രോഗങ്ങൾ സ്ഥിരീകരിക്കുകയോ അല്ലെങ്കിൽ സ്ഥിരമായ വൈകല്യം സംഭവിക്കുകയോ ചെയ്താൽ, അടച്ച തുക പൂർണമായും തിരികെ നൽകിക്കൊണ്ട് പോളിസി അവസാനിപ്പിക്കാനും സാധിക്കുമെന്ന് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസിന്റെ ചീഫ് പ്രൊഡക്റ്റ് ഓഫീസർ വികാസ് ഗുപ്ത പറഞ്ഞു.

## എൻജിനീയറിങ്, ഫാർമസി പ്രവേശന പരീക്ഷ

**തിരുവനന്തപുരം:** 2026-27 അധ്യയന വർഷത്തെ എൻജിനീയറിങ്, ഫാർമസി കോഴ്സുകളിലേക്കുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയുടെ തീയതികളും സമയവും പ്രസിദ്ധീകരിച്ചു. എൻജിനീയറിങ് പരീക്ഷ ഏപ്രിൽ 17 മുതൽ ഏപ്രിൽ 22 വരെ ഉച്ചയ്ക്ക് 2 മുതൽ 5 മണി വരെയും ഫാർമസി പരീക്ഷ ഏപ്രിൽ 18 മുതൽ 20 വരെ രാവിലെ 10 മുതൽ 11.30 മണി വരെ (സെക്ഷൻ I) നടത്തും. എൻജിനീയറിങ് പരീക്ഷയിൽ പങ്കെടുക്കുന്ന വിദ്യാർഥികൾ പരീക്ഷയ്ക്ക് 2 മണിക്കൂർ മുമ്പ് പരീക്ഷാ കേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്യണം. വിശദവിവരങ്ങൾക്ക്: www.cee.kerala.gov.in, 0471 2332120, 2338487.

# ജനറേറ്റീവ് എഐയിൽ നിന്നും ഏജന്റിക് എഐയിലേക്കുള്ള പരിണാമം ചർച്ച ചെയ്ത് ഐബിഎം സെമിനാർ



**കൊച്ചി:** നിർമ്മിത ബുദ്ധി (എഐ) മേഖലയിലെ ഏറ്റവും പുതിയ മുന്നേറ്റങ്ങളായ ജനറേറ്റീവ് എഐ, ഏജന്റിക് എഐ എന്നിവയെക്കുറിച്ച് ഇൻഫോപാർക്കിൽ ഐബിഎം സംഘടിപ്പിച്ച ഉന്നതതല സെഷൻ ശ്രദ്ധേയമായി. ഐബിഎം ഇന്ത്യ സോഫ്റ്റ്‌വെയർ ലാബ് വൈസ് പ്രസിഡന്റ് വിശാൽ ചഹൽ മുഖ്യപ്രഭാഷണം നടത്തിയ ചടങ്ങിൽ നാൽപ്പതിലധികം പ്രമുഖ കമ്പനികളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. വെറും വിവരങ്ങൾ സൃഷ്ടിക്കുന്ന ജനറേറ്റീവ് എഐയിൽ നിന്ന്, സ്വയം തീരുമാനങ്ങളെടുക്കാനും സങ്കീർണ്ണമായ ജോലികൾ പൂർത്തിയാക്കാനും ശേഷിയുള്ള 'ഏജന്റിക് എഐ' സിസ്റ്റങ്ങളിലേക്കുള്ള കുതിച്ചുചാട്ടത്തെക്കുറിച്ച് വിശാൽ ചഹൽ വിശദീകരിച്ചു. ഭാവിയിൽ ബിസിനസ് ലോകത്തും ദൈനംദിന ജീവിതത്തിലും ഈ സാങ്കേതികവിദ്യ വരുത്താൻ പോകുന്ന വൻമാറ്റങ്ങളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. ആഗോളതലത്തിൽ ഐബിഎം നടത്തുന്ന ഗവേഷണങ്ങളും ഈ പദ്ധതികളിൽ സംസ്ഥാനത്തെ ഐടി ആവാസവ്യവസ്ഥ വഹിക്കാൻ പോകുന്ന പങ്കും സെഷനിൽ ചർച്ചയായി.

ഇൻഫോപാർക്ക്, ടെക്നോപാർക്ക്, സ്മാർട്ട് സിറ്റി തുടങ്ങിയവയിൽ നിന്നുള്ള പ്രമുഖ ഐടി കമ്പനികളിൽ നിന്നുൾപ്പെടെ ടെക് ലീഡർമാരും എഞ്ചിനീയർമാരുമടങ്ങുന്ന സംഘമാണ് പരിപാടിയിൽ പങ്കെടുത്തത്. സ്റ്റാർട്ടപ്പുകൾക്കും വൻകിട കമ്പനികൾക്കും എഐ സാങ്കേതികവിദ്യ പ്രായോഗികമായി എങ്ങനെ നടപ്പിലാക്കാമെന്നതിനെക്കുറിച്ചുള്ള ചർച്ചകൾ സെഷന്റെ ഭാഗമായി നടന്നു. ഇത്തരം ഹൈ-പ്രൊഫൈൽ സാങ്കേതിക സംവാദങ്ങൾ കേരളത്തിലെ ഐടി മേഖലയിലേക്ക് കൂടുതൽ ആഗോള നിക്ഷേപങ്ങളെയും പ്രൊഫഷണലുകളെയും ആകർഷിക്കാൻ സഹായിക്കും. എഐ മേഖലയിൽ അനുദിനം നടന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങളെ അടുത്തറിയാൻ ഐടി പ്രൊഫഷണലുകൾക്ക് ഇതിലൂടെ സാധിച്ചു.

## അർജന്റൈൻ വിങ്ങർ ഫ്രാഞ്ചുവിനെ സ്വന്തമാക്കി കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി

**കൊച്ചി:** നടന്നുകൊണ്ടിരിക്കുന്ന ഐഎസ്എൽ സീസണിൽ ടീമിന്റെ ആക്രമണനിരയ്ക്ക് കൂടുതൽ കരുത്തുപകരുന്നതിന്റെ ഭാഗമായി അർജന്റൈൻ വിങ്ങർ ഫ്രാൻസിസ്കോ ഫ്യൂലാസിയർ അബാലോയെ സ്വന്തമാക്കി കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി. 'ഫ്രാഞ്ചു' എന്നറിയപ്പെടുന്ന ഇരുപത്തിയേഴുകാരൻ വിവിധ യൂറോപ്യൻ ലീഗുകളിൽ കളിച്ച മികച്ച പരിചയസമ്പത്തുമായാണ് ബ്ലാസ്റ്റേഴ്സിലേക്ക് എത്തുന്നത്.



സ്പെയിനിലെ കരുത്തരായ റയൽ മാഡ്രിഡിന്റെ യൂത്ത് സിസ്റ്റത്തിലൂടെയാണ് ഫ്രാഞ്ചു വളർന്നുവന്നത്. റയൽ മാഡ്രിഡ് കാസ്റ്റിയക്ക് വേണ്ടി കളിച്ച അദ്ദേഹം സ്പാനിഷ് സെഗുഡ ഡിവിഷൻ ബിയിൽ മികച്ച പ്രകടനം പുറത്തെടുത്തിട്ടുണ്ട്. തുടർന്ന് റായോ വല്ലക്കാനോ, എഫ്.സി ഫുവൻലാബ്രഡ, എസ്.ഡി ഐബർ, എഫ്.സി കാർട്ടജീന എന്നീ ക്ലബ്ബുകൾക്കായി സ്പാനിഷ് ലീഗിലെ വിവിധ ഡിവിഷനുകളിൽ അദ്ദേഹം പന്തുതട്ടി. സൈപ്രസിലെ കാർമിയോട്ടിസ്സ എഫ്സിയിലായിരുന്നു താരം അവസാനമായി കളിച്ചത്.

പ്രധാനമായും വിങ്ങർ സ്ഥാനത്ത് കളിക്കുന്ന ഫ്രാഞ്ചുവിന് രണ്ട് വിങ്ങുകളിലും ഒരുപോലെ തിളങ്ങാൻ കെൽപ്പുണ്ട്. പന്തിനു മേലുള്ള മികച്ച നിയന്ത്രണവും വേഗത്തിലുള്ള മുന്നേറ്റങ്ങളും ടീമിന്റെ ആക്രമണനിരയ്ക്ക് കൂടുതൽ കരുത്ത് പകരും.

## കൊനാമി ഇഫുട്ബോൾ പ്രചരണം സമാപിച്ചു

**കൊച്ചി:** കൊനാമി ഡിജിറ്റൽ എന്റർടെയ്ൻമെന്റ്, ബി.വി (കൊനാമി) ഇന്ത്യയിൽ നടത്തിയ ഇഫുട്ബോൾ പ്രചരണം സമാപിച്ചു. ക്രിക്കറ്റ് താരങ്ങളായ റിങ്കു സിങ്, വരുൺ ചക്രവർത്തി, നടന്മാരായ നസ്ലെൻ ഗഫൂറും ചന്തു സലിം കുമാറും ഫുട്ബോൾ താരങ്ങളായ സഹൽ അബ്ദുൾ സമദും സുഭാഷിഷ് ബോസും പങ്കെടുത്ത പ്രചരണം ഇഫുട്ബോളിനെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിച്ചു. ലയണൽ മെസി കാർഡും ഫാൻ സമൂഹങ്ങളും ലൈഫ്സ്റ്റൈൽ ക്രിയേറ്റേഴ്സും ഫുട്ബോൾ ക്രിയേറ്റേഴ്സും ഇഫുട്ബോൾ ഇൻഫ്ളുവൻസർമാരും ചേർന്ന് ഇന്ത്യയിൽ ഇഫുട്ബോളിനെക്കുറിച്ചുള്ള അറിവും എൻഗേജ്മെന്റും വർദ്ധിപ്പിച്ചു.

## അനന്യ പാണ്ഡേ ലിംക ബ്രാൻഡ് അംബാസഡർ




**കൊച്ചി :** ഇന്ത്യയിലെ ഏറ്റവും പ്രിയപ്പെട്ട ലൈം 'എൻ' ലെമണി പാനീയമായ ലിംക, ബ്രാൻഡിന്റെ പുതിയ മുഖമായും സോഷ്യൽ മീഡിയ മാനേജരായും അനന്യ പാണ്ഡെയെ നിയമിച്ചു. 2026ൽ ലിംക ബ്രാൻഡ് എങ്ങനെയുള്ളതാണെന്ന് നിർവചിക്കാൻ അനന്യയുടെ ആത്മവിശ്വാസം, നർമ്മം എന്നിവ സഹായിക്കും. അഞ്ച് പതിറ്റാണ്ടിലേറെയായി ലൈം 'എൻ' ലെമണി രുചിയും സിഗ്നേച്ചർ ക്ലൗഡി ബബിളുകളും ഉപയോഗിച്ച് ഇന്ത്യയെ നവീകരിച്ച ബ്രാൻഡിന്റെ ഉന്നമനത്തിന്റെയും ഉണർവിന്റെയും പാരമ്പര്യത്തിന് പിന്നിൽ ഇപ്പോൾ ധീരമായ ശബ്ദമാണ് അനന്യ.

ബ്രാൻഡിന്റെ പുതിയ ക്യാമ്പെയ്നായ 'ഫീൽ ദ താസ്ഗി' അനന്യ പാണ്ഡെ തന്റെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ പ്രചരിപ്പിക്കും. ഇൻസ്റ്റാഗ്രാം ഉൾപ്പെടെയുള്ള ലിംകയുടെ ഔദ്യോഗിക സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലുടനീളം 'താസ്ഗി'യുടെ അനുഭവം എത്തിച്ച്, ലിംകയെ ദൈനംദിന ഡിജിറ്റൽ സംഭാഷണങ്ങളുടെ ഭാഗമാക്കുകയാണ് ലക്ഷ്യം.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com